# പരാതിക്കൂമ്പാരത്തിനു നടുവില്‍ പ്രകാശം പരത്തി മുഖ്യമന്ത്രി

സ്വന്തം ലേഖകന്‍

Story Dated: Friday, November 25, 2011 13:31 hrs IST

Print | E-mail | Share                                                    Text Size



ഉമ്മന്‍ ചാണ്ടി

മലപ്പുറം: രാത്രി വൈകിയും പരാതിക്കാര്‍ക്കു നടുവില്‍ ക്ഷമയുടെ പര്യായമായി നിന്ന മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി സൂപ്പര്‍ഹിറ്റ്. ജനപക്ഷത്തിന്റെ ആവേശം ഊര്‍ജമാക്കുന്ന നേതാവാണ് താനെന്ന് ഒരിക്കല്‍ക്കൂടി തെളിയിക്കുകയായിരുന്നു  ഉച്ചഭക്ഷണംപോലും ഉപേക്ഷിച്ച് പരാതികള്‍ക്കു ചെവികൊടുത്ത ഉമ്മന്‍ ചാണ്ടി. കണക്കുകൂട്ടലുകളെല്ലാം മറികടന്ന് മഹാപ്രവാഹമായി ജനം എത്തിയപ്പോള്‍ ഇതുവരെ നടന്നതില്‍വച്ചേറ്റവും വലിയ ജനസമ്പര്‍ക്ക പരിപാടിയായി മലപ്പുറത്തേത്.

9.30ന് ആരംഭിക്കുമെന്ന് അറിയിച്ച പരിപാടിയില്‍ പങ്കെടുക്കാന്‍ എംഎസ്പി പരേഡ് മൈതാനിയിലേക്ക് രാവിലെ ആറുമുതല്‍തന്നെ പരാതികളും പരിദേവനങ്ങളുമായി ജനങ്ങളുടെ ഒഴുക്കായിരുന്നു. എട്ടിനുതന്നെ ഹെല്‍പ് ഡെസ്കിനു മുന്നില്‍ പൂരത്തിരക്ക് അനുഭവപ്പെട്ടു. മിക്ക കൗണ്ടറുകളിലും നീണ്ട നിര കാണാമായിരുന്നു. അംഗവൈകല്യം സംഭവിച്ചവരും വൃദ്ധരുമായ പരാതിക്കാര്‍ക്ക് വേദിയില്‍ മുന്‍ഭാഗത്തു തന്നെ പ്രത്യേക ഇരിപ്പിടം ഒരുക്കിയിരുന്നു. നേരത്തെ രജിസ്റ്റര്‍ ചെയ്ത 45,000 പരാതികള്‍ക്കു പുറമെ ആയിരക്കണക്കിനുപേര്‍ നേരിട്ടെത്തി.

പരിപാടി നിശ്ചിത സമയത്തുതന്നെ തുടങ്ങുന്നതിനായി 9.28നുതന്നെ മുഖ്യമന്ത്രി വേദിയിലെത്തി. നിറഞ്ഞു ചിരിച്ച്, ത്രിവര്‍ണ ഖദര്‍ ഷാളണിഞ്ഞ്, കൈവീശി ഉമ്മന്‍ ചാണ്ടിയെത്തിയപ്പോള്‍ പ്രതീക്ഷയോടെ കാത്തുനിന്ന ജനക്കൂട്ടം കരഘോഷം മുഴക്കി. ഉദ്ഘാടന വേദിയില്‍ ഉമ്മന്‍ ചാണ്ടിക്കു പുറമെ പ്രസംഗിച്ച മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, ആര്യാടന്‍ മുഹമ്മദ്, എംഎല്‍എമാരായ പി. ഉബൈദുല്ല, പി. ശ്രീരാമകൃഷ്ണന്‍ എന്നിവരെല്ലാം മിതത്വം പാലിച്ച് മാതൃകകാട്ടിയതോടെ ഇരുപതു മിനിറ്റിനകം ഉദ്ഘാടന പരിപാടികള്‍ അവസാനിച്ചു. ഉദ്യോഗസ്ഥരുടെയും പൊതുപ്രവര്‍ത്തകരുടെയും കൂട്ടായ്മയാണ് ജനസമ്പര്‍ക്ക പരിപാടിയുടെ വിജയത്തിനു കാരണമെന്ന് ഉമ്മന്‍ ചാണ്ടി പറഞ്ഞു.

ഹ്രസ്വമായ പ്രസംഗം കഴിഞ്ഞ് സ്റ്റേജിനരികില്‍ ആംബുലന്‍സുകളില്‍ കാത്തുകിടന്ന രോഗികളെ കാണാന്‍ മുഖ്യമന്ത്രിയെത്തി. വാഹനാപകടത്തില്‍ ഗുരുതരമായി പരുക്കേറ്റ കീഴുപറമ്പ് ആലുംകണ്ടിയില്‍ ഷമീമിന്റെ സങ്കടം കേട്ട് തുടര്‍ ചികില്‍സയ്ക്ക് 50,000 രൂപ അനുവദിച്ച് അതിവേഗ പരാതി പരിഹാര യജ്ഞത്തിനു തുടക്കമിട്ടു. പിറകെ ആംബുലന്‍സുകളില്‍ നിശ്ചലരായി കാത്തുകിടന്നവരെയെല്ലാം അരികിലെത്തി സാന്ത്വനിപ്പിക്കുകയും സഹായധനം അനുവദിക്കുകയും ചെയ്തു. അര്‍ബുദം ബാധിച്ച ബാലിക വാലില്ലാപ്പുഴ മംഗലപ്പറമ്പന്‍ റഷീദിന്റെ മകള്‍ റസ്നിക്ക് ഒരു ലക്ഷം രൂപയും മാതാപിതാക്കളില്‍ ഒരാള്‍ക്ക് പെന്‍ഷനും ബിപിഎല്‍ റേഷന്‍ കാര്‍ഡും അനുവദിച്ച് നിര്‍ദേശം നല്‍കി. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും കലക്ടര്‍ എം.സി. മോഹന്‍ദാസും മുഖ്യമന്ത്രിയുടെ കൂടെത്തന്നെയുണ്ടായിരുന്നു.

ബിപിഎല്‍ കാര്‍ഡിനായും സാമ്പത്തിക സഹായത്തിനായും എത്തിയ അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് 10.50 മുതല്‍ മുഖ്യമന്ത്രി വേദിയില്‍ നിന്ന് ഇവരുടെ പരാതി സ്വീകരിച്ചുതുടങ്ങി. ഈ നിര പുറത്ത് റോഡ്‌വരെ എത്തിയതോടെ അരമണിക്കൂര്‍ കഴിഞ്ഞ് മുഖ്യമന്ത്രി രാവിലെ മുതല്‍ കാത്തിരുന്ന ശാരീരിക വൈകല്യം ബാധിച്ചവരുടെ സമീപത്തേക്ക്.

വികലാംഗരെയും ചലനശേഷിയില്ലാത്തവരെയും ഇരുന്നിടത്തു ചെന്നു കണ്ടാണ് പരാതി സ്വീകരിച്ചത്. പരമാവധി പരാതികള്‍ക്ക് തല്‍സമയം പരിഹാരം കണ്ടു. ചികില്‍സാസഹായം, ദുരിതാശ്വാസം, അടിയന്തര സഹായം എന്നിവ അപ്പപ്പോള്‍  വിതരണം ചെയ്തു. അനന്തര നടപടികള്‍ ആവശ്യമായ പരാതികള്‍ തീര്‍പ്പാക്കാന്‍ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ദേശസാല്‍ക്കൃത ബാങ്കുകളുടെ ചെക്കുകള്‍ വിതരണം ചെയ്തതുമൂലം പണം വേഗത്തില്‍ ലഭ്യമാകുമെന്ന് ഉദ്യോഗസ്ഥര്‍ പറഞ്ഞു.

കൂറ്റന്‍ പന്തലില്‍ ഫാനുകളുണ്ടായിട്ടും കനത്ത ചൂടിനിടയില്‍ പൊടിയും ബഹളവും തിരക്കും സഹിച്ച് നട്ടുച്ചയ്ക്കും ഉമ്മന്‍ ചാണ്ടി വാടാതെ നിന്നു. ഓരോരുത്തരോടും മൃദുസ്വരത്തില്‍ വിവരം തിരക്കി. ജനത്തെ നിയന്ത്രിക്കാന്‍ പൊലീസ്, റവന്യു ഉദ്യോഗസ്ഥര്‍ പാടുപെട്ടു. മുഖ്യമന്ത്രിക്കു പിന്തുണയുമായി ഒരു മണിയോടെ വേദിയില്‍ മന്ത്രി അനില്‍കുമാര്‍ ദുരിതാശ്വാസ, ബിപിഎല്‍ അപേക്ഷകള്‍ സ്വീകരിച്ചുതുടങ്ങി. 2.50ഓടെ മന്ത്രി ആര്യാടന്‍ മുഹമ്മദ് അനില്‍ കുമാറിനു പകരക്കാരനായെത്തി.

ഇടയ്ക്ക് ഒന്നു രണ്ടു തവണ ഇളം ചൂടുവെള്ളം കുടിച്ച മുഖ്യമന്ത്രി ഉച്ചയ്ക്ക് ഭക്ഷണത്തിനു പകരം ഇളനീരാണു കഴിച്ചത്. രാവിലെ മലപ്പുറം ഗസ്റ്റ് ഹൗസില്‍നിന്നു രണ്ടു വെള്ളയപ്പവും കടലക്കറിയും കഴിച്ചിറങ്ങിയ മുഖ്യമന്ത്രി മൂന്നോടെ കോണ്‍ഗ്രസ് നേതാവ് എം. വിജയകുമാറിന്റെ വീട്ടില്‍ തയാറാക്കി എത്തിച്ച പാല്‍ക്കഞ്ഞിയും രണ്ടു ഗ്ലാസ് കുടിച്ചു. രാവിലെ മുതല്‍ നില്‍പു തുടര്‍ന്ന മുഖ്യമന്ത്രി ഇടയ്ക്ക് ഒന്നുരണ്ടു തവണ മാത്രമാണ് അല്‍പനേരം കസേരയിലിരുന്നത്.

വികലാംഗരുടെയും വയോധികരുടെയും പരാതികള്‍ മുഴുവന്‍ തീര്‍പ്പാക്കിയപ്പോഴേക്കും രാത്രി വൈകിയിരുന്നു. ഇതോടെ ആര്യാടന്‍ മുഹമ്മദും എ.പി. അനില്‍കുമാറും ഒന്നിച്ച് പരാതികള്‍ സ്വീകരിച്ച് ഉടനടി നിര്‍ദേശങ്ങള്‍ നല്‍കി ജനങ്ങളെ നിയന്ത്രിച്ചു.